## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5179 28.10.2016 ൽ മറുപടിയ്ക്ക്**

**മോട്ടോർ വാഹന വകുപ്പിൽ എൻഫോഴ്സ്മെന്റ് നടപടി**

| | ചോദ്യം<br>ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.അനിൽ അക്കര | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | മോട്ടോർ വാഹന വകുപ്പിൽ എൻഫോഴ്സ്മെന്റ് നടപടികൾ ശക്തമാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ)<br>&<br>(ബി) | വകുപ്പിൽ എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുന്നതിനായി ആധുനിക ഉപകരണങ്ങളായ ഇന്റർസെപ്റ്ററുകൾ, റഡാറുകൾ, ആൽക്കോമീറ്ററുകൾ, ക്യാമറകൾ, രാത്രികാല ചെക്കിംഗ് ഉപകരണങ്ങൾ എന്നിവ വാങ്ങി നൽകിയിട്ടുണ്ട്. നാഷണൽ ഹൈവേയിൽ ചേർത്തല മുതൽ മഞ്ചേശ്വരം വരേയും കണ്ണൂർ, പാലക്കാട്, തൃശ്ശൂർ, എറണാകുളം, കോട്ടയം, കൊല്ലം ജില്ലകളിലെ തിരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിലും നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | ഇക്കാര്യത്തിൽ എന്തെല്ലാം ആധുനിക സാങ്കേതിക വിദ്യകളാണ് ഉപയോഗിക്കുന്നതെന്ന് വിശദമാക്കുമോ; | | |
| (സി) | മോട്ടോർ വാഹന നിയമം ലംഘിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; 2016 ജൂൺ 1 മുതൽ സെപ്റ്റംബർ 30 വരെ എൻഫോഴ്സ്മെന്റ് വകുപ്പ് എടുത്ത കേസുകൾ എത്രയാണ്; ഈ ഇനത്തിൽ ഈടാക്കിയ തുക എത്രയാണ്? | (സി) | 1,50,645 കേസുകളും 13,89,62,902 രൂപ പിഴയായും ഈടാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ